സ്പിരിറ്റ് കടത്തൽ തടയുന്നതിന് നടപടി

7(*127) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അതിർത്തി പ്രദേശങ്ങൾ ഉൾപ്പെട്ട ജില്ലകളിൽ ഇതിനായി ശക്തമായ നടപടികൾ സ്വീകരിക്കുമോ ;

(സി) സ്പിരിറ്റും വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചുകൊണ്ട്, അതീവ ജാഗ്രതയോടെ വാഹനപരിശോധന നടത്തുകയും, റെയിഞ്ച്/സർക്കിൾ ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, മൊബൈൽ പട്രോൾ യൂണിറ്റ്, പ്രത്യേക സ്ക്വാഡുകൾ എന്നിവ രൂപീകരിച്ച് പ്രധാന റോഡുകളിൽ പരിശോധന നടത്തുകയും, റെയിൽവേ ഉദ്യോഗസ്ഥരുമായി സഹകരിച്ച് റെയിൽമാർഗ്ഗം വരുന്ന സംശയമുള്ള പാഴ്സലുകൾ പരിശോധിക്കുന്നതിനും, കടൽമാർഗ്ഗം സ്പിരിറ്റ് കടത്താൻ സാധ്യതയുള്ള ഭാഗങ്ങളിൽ രാത്രിയും പകലും പട്രോളിംഗ് നടത്തിയും, അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സ്നീഫർ ഡോഗിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവ കൂടാതെ, എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് നടത്തി വരുന്നു.

(സി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി സ്പിരിറ്റും വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ വൻ പുരോഗതി ഉണ്ടായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയും, 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് എക്സൈസ് കമ്മീഷണർമാരായി ഉയർത്തുകയും ചെയ്തു. 2006 മുതൽ വാങ്ങിയ 150 ജീപ്പുകൾ കൂടാതെ 28 ആധുനിക മോഡൽ വാഹനങ്ങൾ കൂടി വാങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മുഴുവൻ റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും, കമ്പ്യൂട്ടർ സൗകര്യമുള്ള എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 110 ആധുനിക പിസ്റ്റളുകളും വകുപ്പിലേക്കായി വാങ്ങിയിട്ടുണ്ട്. കൂടാതെ, ഡെപ്യൂട്ടി കമ്മീഷണർ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ആവശ്യത്തിനായി മൊബൈൽ ഫോൺ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെ സാമ്പിൾ പരിശോധന കുറ്റമറ്റതാക്കുന്നതിനായി 3 റീജണൽ ലാബുകളിൽ ആധുനിക അനലിറ്റിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 14 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, മേജർ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ അധീനതയിൽ ആക്കിയിട്ടുണ്ട്. സ്പിരിറ്റ് കടത്ത് തടയുന്നതിന്റെ ഭാഗമായി അമരവിള ചെക്പോസ്റ്റിൽ സ്നിഫർ ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ആത്മ പദ്ധതിയുടെ പ്രവർത്തനം

8(*128) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന 'ആത്മ' പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കിത്തുടങ്ങിയത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുവരെ പ്രതിവർഷം എന്തു തുക ഈ പദ്ധതി പ്രകാരം ചെലവഴിച്ചു എന്നും, അതിനായി കേന്ദ്രം എന്തു തുക അനുവദിച്ചു എന്നും വിശദമാക്കുമോ ;

(ഡി) 'ആത്മ' പദ്ധതി മുഖേന കാർഷിക മേഖലയ്ക്കുണ്ടായ നേട്ടം വിശദീകരിക്കുമോ ;

(ഇ) സ്കൂൾ, കോളജ് വിദ്യാർത്ഥികളിൽ കാർഷികാഭിമുഖ്യം വളർത്തുന്നതിനുള്ള പരിപാടികളെന്തെങ്കിലും 'ആത്മ' മുഖേന നടപ്പാക്കുന്നുണ്ടോ : ഇല്ലെങ്കിൽ സിലബസ്സിൽ ഉൾപ്പെടുത്തി മാസത്തിൽ മൂന്ന് മണിക്കൂറെങ്കിലും, കാർഷിക പഠനത്തിന് വിനിയോഗിക്കത്തക്കവിധമുള്ള ഒരു പരിപാടി തയ്യാറാക്കി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly